**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ്**

**2023 മാർച്ച് 30**

---

## പ്രത്യേക പ്രഭാഷണ പരിപാടി ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻററർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സും(എസ്.ഐ.ആർ.പി) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസപ്ലിനറി പ്രോഗ്രാംസും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രത്യേക പ്രഭാഷണ പരിപാടി ഇന്ന്(മാർച്ച് 31) നടക്കും.

നവീകരിക്കപ്പെട്ട ബഹുമുഖതയും ജി20 ആധ്യക്ഷ കാലത്തെ ഇന്ത്യൻ വീക്ഷണവും എന്നതാണ് വിഷയം. രാവിലെ 10.30ന് ഐ.ആർ.ബി.എം.എസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും.

മനോഹർ പരീക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിഫൻസ് സ്റ്റഡീസ് ആൻറ് അനാലിസിസ് ഡയറക്ടർ ജനറലും തിങ്ക്20 ചെയറുമായ സുജാൻ ചിനോയ്, മനോഹർ പരീക്കർ ഇൻസ്റ്റിറ്റ്യൂട്ടിലെ റിസർച്ച് ഫെലോ കേണൽ ഡോ. ഡി.പി.കെ പിള്ള എന്നിവർ പ്രഭാഷണം നടത്തും.

എസ്.ഐ.ആർ.പി ഡയറക്ടർ പ്രഫ. സി. വിനോദൻ, ഡോ. ജോജിൻ വർഗീസ് എന്നിവരും സംസാരിക്കും. തിങ്ക്20യുടെയും മനോഹർ പരീക്കർ ഇൻസ്റ്റിറ്റ്യൂട്ടിൻറെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

(പി.ആർ.ഒ/39/362/2023)

## ഡോ. ജോസഫ് ജോർജ് റേ ഇന്ന് വിരമിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ബയോസയൻസസ് അധ്യാപകനും ഗവേഷകനുമായ ഡോ. ജോസഫ് ജോർജ് റേ 38 വർഷത്തെ സേവനത്തിനുശേഷം ശേഷം ഇന്ന്(മാർച്ച് 31) സർവീസിൽനിന്ന് വിരമിക്കും.

മുൻപ് ചങ്ങനാശേരി എസ്.ബി കോളജിൽ അധ്യാപകനായിരുന്ന ഇദ്ദേഹം സസ്യശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം എന്നീ മേഖലകളിൽ ശ്രദ്ധേയമായ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഇരുപതോളം ഗവേഷണ പ്രബന്ധങ്ങളും 10ലേറെ ഗവേഷണ പ്രസിദ്ധീകരണങ്ങളും അഞ്ചു പുസ്തകങ്ങളും ഇദ്ദേഹത്തിൻറേതായുണ്ട്.

ഡോ. റേയുടെ സേവനങ്ങളെ ആദരിക്കുന്നതിന് സർവകലാശാലയിൽ രാജ്യാന്തര സെമിനാറും പ്രബന്ധാവതരണവും സംഘടിപ്പിച്ചിരുന്നു. സ്കൂൾ ഓഫ് ബയോ,യൻസസ് മേധാവി, ദേശീയ സസ്യ ശാസ്ത്ര സാങ്കേതിക ഗവേഷണ പഠനകേന്ദ്രം സ്ഥാപക ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ചങ്ങനാശേരി അംപ്ഷൻ കോളജ് അധ്യാപികയായിരുന്ന പ്രഫ. മിറയാമ്മ ജേക്കബ് ആണ് ഭാര്യ. മക്കൾ: ഡോ. റെജിന അന്ന റേ, ഡോ. റോജിത് ജോസഫ്.

(പി.ആർ.ഒ/39/363/2023)

## എം.ജി യിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല ബിസിനസ്സ് ഇന്നവേഷൻ ആൻറ് ഇൻക്യുബേഷൻ സെൻററിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡോ. എൻ. രാധാകൃഷ്ണൻ ഫൗണ്ടേഷൻ ഫോർ റിസർച്ച് ഓൺ വീനസ് ഡിസീസസിൻറെ ധനസഹായത്തോടെയുള്ള 'ഹീലിംഗ് ഓഫ് ക്രോണിക് വീനസ് അൾസെർസ്/ എക്സ്റ്റെൻസീവ് അൾസെർസ് ബൈ നാനോടെക്നോളജി' എന്ന പ്രോജക്ടിലെ ഒരൊഴിവിലാണ് നിയമനം.

ഒരു വർഷമാണ് പ്രോജക്ടിൻറെ കാലാവധി. യോഗ്യത - മൈക്രോബയോളജിയിലോ ബയോടെക്നോളജിയിലോ പി.എച്ച്.ഡി, നാനോടെക്നോളജി അധിഷ്ഠിത വാണിജ്യോത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ പ്രവൃത്തിപരിചയം, നെറ്റ് അല്ലെങ്കിൽ ഗേറ്റ്, രാജ്യാന്തര ജേണലുകളിലെ പബ്ലിക്കേഷനുകൾ. പ്രായപരിധി 35.

താല്പര്യമുള്ളവർ ഏപ്രിൽ 10 വരെ 2622@mgu.ac.in എന്ന മെയിൽ

വിലാസത്തിലേക്ക് ബയോ ഡേറ്റ അയയ്ക്കണം. ഷോർട്ട് ലിസ്റ്റ് ചെയ്യുന്ന അപേക്ഷകരിൽനിന്ന് അഭിമുഖത്തിൻറെ അടിസ്ഥാനത്തിലാണ് ഫെലോയെ തിരഞ്ഞെടുക്കുക

(പി.ആർ.ഒ/39/364/2023)

## <u>ജെ.ആർ.എഫ് ഒഴിവ്</u>

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും സിയറ്റ് ടയേഴ്സ് ലിമിറ്റഡും സംയുക്തമായി നടത്തുന്ന പ്രോജക്ടിൽ ജൂണിയർ റിസർച്ച് ഫെലോയുടെ ഒരൊഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

കെമിസ്ട്രി, പോളിമർ വിഷയങ്ങളിൽ എം.എസ്.സി ബിരുദമോ, പോളിമർ ടെക്നോളജിയിൽ(റബറുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്പെഷ്യലൈസേഷനോടുകൂടി) എം.ടെക് ബിരുദമോ ആണ് വിദ്യാഭ്യാസ യോഗ്യത. നാനോമെറ്റീരിയൽസ്, നാനോകമ്പോസിറ്റ് മേഖലയിൽ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. ശമ്പളം 27000 രൂപ.

വിശദമായ ബയോ ഡേറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം sem@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ഏപ്രിൽ 15നകം അപേക്ഷ അയയ്ക്കണം.

(പി.ആർ.ഒ/39/365/2023)

## <u>പരീക്ഷാ തീയതി</u>

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി, 2020,2019,2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2012-2015 അഡ്മിഷനുകൾ സെപ്ഷ്യൽ മെഴ്സി ചാൻസ്) ബിരുദ പരീക്ഷകൾ ഏപ്രിൽ 19ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/366/2023)

## <u>പ്രോജക്ട്, വൈവ</u>

നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് (സി.എസ്.എസ്, 2018,2017,2016

അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2014,2013,2012 അഡ്മിഷനുകൾ മെഴ്സി ചാൻസ് - നവംബർ 2022) പരീക്ഷയുടെ പ്രോജക്ട്, കോംപ്രിഹെൻസീവ് വൈവ ഏപ്രിൽ മൂന്നിന് മൂവാറ്റുപുഴ,ഇലാഹിയ കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, ആലുവ സെൻറ് സേവ്യേഴ്സ് കോളജ് ഫോർ വിമൻ എന്നിവിടങ്ങളിൽ നടത്തും.

(പി.ആർ.ഒ/39/367/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി(2020 അഡ്മിഷൻ റഗുലർ, 2016-2019 അഡ്മിഷനുകൾ സപ്ലിമെൻററി - ഏപ്രിൽ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 17 മുതൽ നടത്തും.

(പി.ആർ.ഒ/39/368/2023)

## പരീക്ഷാ ഫലം

എം.എസ്.സി സുവോളജി രണ്ടാം സെമസ്റ്റർ(2018,2017,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2014,2013,2012 അഡ്മിഷനുകൾ മെഴ്സി ചാൻസ് -ജനുവരി 2022) പരീക്ഷയുടെ തടഞ്ഞു വച്ചിരുന്ന ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഏപ്രിൽ 13 വരെ ഡെപ്യൂട്ടി രജിസ്ട്രാർക്ക് 7 (പരീക്ഷ) അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/369/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**